**സൌദി അറേബ്യ വിദേശകാര്യ മന്ത്രിയുടെ ഔദ്യോഗിക ഇന്ത്യ സന്ദര്ശനം ( മാര്ച്ച് 07-08, 2016)**

മാർച്ച് 07, 2016

സൌദി അറേബ്യയിലെ വിദേശകാര്യ മന്ത്രി ഹിസ് എക്സലൻസി ശ്രീ ആദേല് ബിന് അഹമ്മദ് ആല്-ജൂബെയര് തന്റെ ആദ്യത്തെ ഇന്ത്യാ ഔദ്യോഗിക സന്ദർശനത്തിന് മാർച്ച് 7-8, 2016, നു ന്യൂഡെൽഹിയില് എത്തുന്നു . ആദരണീയയായ കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജിന്റെ ക്ഷണം സ്വീകരിച്ചാണ് സന്ദർശനം

സന്ദർശനത്തോട് അനുബന്ധിച്ച് ഇരു മന്ത്രിമാരും ഉഭയകക്ഷി ബന്ധങ്ങള് പൂർണമായും അതോടൊപ്പം പരസ്പരം താത്പര്യമുള്ള മെഖലാ-അന്താരാഷ്ട്ര വിഷയങ്ങളും ചർച്ച ചെയ്യും. ബഹറിനിലെ മനാമയില് ജനുവരി 24, 2016 നു നടന്ന പ്രഥമ ഇന്ത്യ അറബ് ലീഗ് മന്ത്രിമാരുടെ യോഗത്തില് വച്ച് ഇതിന് മുൻപ് ഇവര് കൂടിക്കാഴ്ച നടത്തിയിരുന്നു

ഇന്ത്യയും സൌദി അറേബ്യയും ജനങ്ങള് തമ്മിലുള്ള വളരെ അടുത്ത ബന്ധങ്ങളിലൂടെ സൌഹൃദം പങ്ക് വയ്ക്കുന്നു. 2010 ല് നമ്മുടെ ഇരു രാജ്യങ്ങളും തമ്മില് സ്ഥാപിച്ച തന്ത്രപ്രധാന പങ്കാളിത്തം, റിയാദ് പ്രഖ്യാപനത്തിലൂടെ , രാഷ്ട്രീയ, സാമ്പത്തിക, സുരക്ഷാ, പ്രതിരോധ മേഖലകളില് ആഴത്തിലുള്ള ഇടപെടലുകള് വിഭാവനം ചെയ്തിരുന്നു. പോയ കുറച്ചു വർഷങ്ങളിലായി ഊര്ജ സുരക്ഷ, വ്യാപാരം, അടിസ്ഥാന സൌകര്യ വികസന പദ്ധതികള് ഉൾപ്പെടെ താത്പര്യമുള്ള പ്രധാന മേഖലകളിലെ ഉഭയകക്ഷി സഹകരണത്തില് വളരെ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്

സൌദി അറേബ്യ നമ്മുടെ നാലാമത്തെ വലിയ പങ്കാളിയാണ് . ഉഭയകക്ഷി വ്യാപാരം 2014-15 കാലയളവില് 40 ബില്യണ് യുഎസ് ഡോളറെത്തിയിരുന്നു. ഇന്ത്യയുടെ ഏറ്റവും വലിയ

ക്രൂഡ് ഓയില് വിതരണക്കാരാണ് സൌദി അറേബ്യ ,
അതേകദേശം നമ്മുടെ മൊത്തം ഇറക്കുമതിയുടെ അഞ്ചില് ഒന്നു
വരും .

സൌദി അറേബ്യയിലെ ഏറ്റവും വലിയ പ്രവാസി
സമൂഹമാണ് ഇന്ത്യ , ആതിഥേയ രാജ്യത്തിന്റെ പുരോഗതിക്കും
വികസനത്തിനും വേണ്ടിയുള്ള സകാരകമായ അവരുടെ
സംഭാവനകള് അംഗീകാരം നേടിക്കഴിഞ്ഞു . 2.96
ദശലക്ഷത്തിലധികം ഇന്ത്യന് പൌരൻമാര് സൌദി
അറേബ്യയില് ഇപ്പോള് ജോലി ചെയ്യുന്നുണ്ട്

ന്യൂഡെൽഹി
മാർച്ച് 07, 2016